

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-04/01/2023.

1. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിൽ ഇന്നു മുതൽ 15 വരെ ((2023 ജനുവരി 04 – 15) **ന്യൂ ഇയർ ഫെസ്റ്റ് – പ്രദർശന വിപണന ഡിസ്കൗണ്ട് മേള** സംഘടിപ്പിക്കുന്നു. ഇതിന്റെ ഉദ്ഘാടനം കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കും. ഇതിനോടനുബന്ധിച്ച് കർഷകരെ ആദരിക്കൽ, വാണിജ്യ സ്റ്റാൾ, ഫുഡ് ഫെസ്റ്റ്, നഴ്സറി, പെറ്റ് ഷോ, ഫാം ടൂറിസം, അമ്യൂസ്മെന്റ് പാർക്ക്, ഓട്ടോമൊബൈൽസ്, കൾച്ചറൽ പ്രോഗ്രാം തുടങ്ങിയവ സംഘടിപ്പിച്ചിരിക്കുന്നു. പ്രവേശനം സൗജന്യമാണ്.

2. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മന്ത്രിയും വകുപ്പിലെ ഉദ്യോഗസ്ഥരും കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കൃഷിദർശൻ എന്ന പരിപാടി നെടുമങ്ങാട് ബ്ലോക്കിൽ 2023 ജനുവരി 25 ന് തുടക്കം കുറിക്കുന്നു. പരിപാടിക്ക് മുന്നോടിയായി കർഷകർക്ക് അവരുടെ പരാതികൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കൃഷിവകുപ്പിന്റെ എയിംസ് പോർട്ടലിന്റെ പുതിയ പതിപ്പായ www.aimsnew.kerala.gov.in വഴിയാണ് കർഷകർ പരാതികൾ സമർപ്പിക്കേണ്ടത്. ഇന്നുകൂടെ (2023 ജനുവരി 4) പരാതികൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. എഴുതി തയ്യാറാക്കിയ പരാതികൾ ഓൺലൈനായി അപ്ലോഡും ചെയ്യാവുന്നതാണ്. കർഷകർക്ക് നേരിട്ടോ, അതത് കൃഷിഭവനുകൾ വഴിയോ പരാതികൾ സമർപ്പിക്കാവുന്നതാണ്. നെടുമങ്ങാട് ബ്ലോക്കിൽ നടത്തുന്ന കൃഷിദർശൻ പരിപാടിയുടെ ഭാഗമായി നെടുമങ്ങാട് ബ്ലോക്കിന് കീഴിലെ പഞ്ചായത്തുകളിലെ കർഷകർക്കാണ് പരാതികൾ സമർപ്പിക്കുവാൻ സാധിക്കുന്നത്.

3. 2023 ഫെബ്രുവരി 19 മുതൽ 10 ദിവസം വരെ പിലിക്കോട് ഉത്തരമേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ "ഫാംഷോ 2023" നടത്തുന്നു. കൃഷിയറിവുകൾ കൃഷിയിടത്തുതന്നെ പ്രദർശിപ്പിച്ചുകൊണ്ടും വിവിധ വിളകളുടെ ഇന വൈവിധ്യത, നൂതന സാങ്കേതിക വിദ്യകൾ, പരിശീലനങ്ങൾ, കാർഷിക മത്സരങ്ങൾ, വിനോദങ്ങൾ, കാർഷിക വിപണികൾ തുടങ്ങിയവ

ഒരുക്കിക്കൊണ്ടുമാണ് ഫാംഷോ നടത്തുന്നത്. ഫാംഷോ ഉദ്ഘാടനം **2023 ഫെബ്രുവരി 19** -ന് കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവ്വഹിക്കും. പത്ത് ദിവസം നീണ്ടുനിൽക്കുന്ന പരിപാടിയിൽ കൃഷിയിട പ്രദർശനം, സെമിനാറുകൾ, പരിശീലനങ്ങൾ, ആധുനിക പരമ്പരാഗത കൃഷിരീതി ശാസ്ത്രപ്രദർശനം, ജൈവവൈവിധ്യ പ്രദർശനം, വിത്ത് മുതൽ വിള വരെ വിവിധ ഘട്ടങ്ങൾ പ്രതിപാദിക്കുന്ന മാതൃക തോട്ടങ്ങൾ, മൂല്യവർദ്ധനവിനുള്ള പ്രായോഗിക പരിശീലനം, റോബോട്ടിക്സ് നിർമ്മിതബുദ്ധി, നാനോ ടെക്നോളജി സങ്കേതങ്ങളുടെ പരിചയപ്പെടുത്തൽ, മൃഗസംരക്ഷണ സാങ്കേതിക വിദ്യകൾ, അപൂർവ്വ ഇനങ്ങളുടെ പ്രദർശനം, ഉൽപ്പന്ന വിപണനമേള, പുഷ്പ ഫല പ്രദർശനം തുടങ്ങി കൃഷിയുടെ സമസ്ത മേഖലകളെയും പരിചയപ്പെടുത്തുന്ന വിവിധ പരിപാടികൾ അരങ്ങേറുമെന്ന് അസോസിയേറ്റ് ഡയറക്ടർ അറിയിച്ചു.

4. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ 130 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ആവശ്യമുള്ളവർ **0479-2959268, 2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9 മണി മുതൽ വൈകിട്ട് 5.30 മണി വരെ വിളിച്ച് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

5. കുടപ്പനക്കുന്ന് സർക്കാർ കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിൽ ലഭ്യമാണ്. ആവശ്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെയുള്ള സമയത്ത് **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

## പരിശീലന പരിപാടികൾ

6. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തിയിലുള്ള കൃഷി വിജ്ഞാന കേന്ദ്രം തൃശ്ശൂരും നാളികേര വികസന ബോർഡും സംയുക്തമായി കർഷകർക്ക് **തെങ്ങുകയറ്റ പരിശീലനം, തെങ്ങു കയറ്റ യന്ത്രങ്ങളുടെ ഉപയോഗം, തെങ്ങിന്റെ സംയോജിത രോഗകീട നിയന്ത്രണ മാർഗ്ഗങ്ങൾ, വ്യക്തിത്വ വികസനം, സംരംഭകത്വ വികസന മാർഗ്ഗങ്ങൾ** എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള ആറു ദിവസം

നീണ്ടു നിൽക്കുന്ന സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ള കർഷകർ **9400483754** എന്ന നമ്പറിൽ വിളിച്ചു രജിസ്റ്റർ ചെയ്യുക. ആദ്യം രജിസ്റ്റർ ചെയ്യുന്ന 70 കർഷകർക്കാണ് മുൻഗണന.

7. ഐ എഫ് എസ് ആർ എസ് കരമനയിൽ **സംയോജിത കൃഷി, വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, മട്ടുപ്പാവ് കൃഷി** എന്നീ വിഷയങ്ങളിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. സൗജന്യമായി നടത്തുന്ന താൽപര്യമുള്ളവർ **9446466239** എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

കുരുമുളകിൽ കാണുന്ന **സാവധാന വാട്ടരോഗ**ത്തെ നിയന്ത്രിക്കുന്നതിനായി കുരുമുളക് ചെടിയുടെ ചുവട്ടിൽ ഒന്ന് മുതൽ രണ്ട് കിലോഗ്രാം വരെ വേപ്പിൻ പിണ്ണാക്ക് ഇട്ടുകൊടുക്കുക. കൂടാതെ **പീസിലോമൈസസ് ലൈലാസിനസ്** എന്ന മിത്ര ജീവാണുക്കൾ 25 ഗ്രാം വീതം ഓരോ ചെടിയുടെ ചുവട്ടിലും ഇട്ടു കൊടുക്കുക. രോഗം രൂക്ഷമാവുകയാണെങ്കിൽ മൂന്നു ഗ്രാം **കോപ്പർ ഓക്സിക്ലോറൈഡ്** ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓരോ ചെടിയുടെ ചുവട്ടിലും മണ്ണ് കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം